# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 28

# വാർത്താക്കുറിപ്പ്

## പരീക്ഷാഫലം

2020 ഓഗസ്റ്റിൽ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/928/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്‌സ് (അപ്ലൈഡ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ സർവകലാശാല വെബ്‌സൈറ്റിലെ സ്റ്റുഡന്റ്‌സ് പോർട്ടൽ വഴി അപേക്ഷിക്കാം.

(പി.ആർ.ഒ/39/929/2020)

## അധ്യാപകർക്കായി പരിശീലനപരിപാടി; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ യു.ജി.സി. സ്‌ട്രൈഡ് പദ്ധതിയുടെ ഭാഗമായി സർവകലാശാല പഠനവകുപ്പുകൾ, വിവിധ സെന്ററുകൾ, അഫിലിയേറ്റഡ് കോളജുകൾ എന്നിവിടങ്ങളിലെ സയൻസ്, സോഷ്യൽ സയൻസ് അധ്യാപകർക്കായി ആധുനിക ഓൺലൈൻ അധ്യാപന രീതികളിൽ പരിശീലനം നൽകുന്നു. ഒക്ടോബർ 12 മുതൽ 16 വരെയാണ് കോഴ്‌സിന്റെ കാലയളവ്. യു.ജി.സി.യുടെ പുതിയ പാഠ്യപദ്ധതിക്രമമായ ലേണിംഗ് ഔട്ട്കം കരിക്കുലം ഫ്രെയിംവർക്ക് അനുസരിച്ച് ആധുനിക ഓൺലൈൻ അധ്യാപനരീതികൾ, വീഡിയോ കോൺഫറൻസിംഗ്, ലേണിംഗ് മാനേജ്‌മെന്റ് സിസ്റ്റംസ്, ഓൺലൈൻ അസസ്‌മെന്റ് രീതികൾ, വെർച്വൽ ലാബ്, ഇന്ററാക്ടിവിറ്റി സ്റ്റിമുലേഷൻസ്, ഇന്ററാക്ടീവ് വീഡിയോ പ്രസന്റേഷൻ എന്നിവയടക്കം കോഴ്‌സിലുൾപ്പെടുത്തിയിരിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള അധ്യാപകർക്ക് ഒക്ടോബർ ആറിനകം സർവകലാശാല വെബ്‌സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. രജിസ്‌ട്രേഷൻ ലിങ്ക്: https://bit.ly/35DVf8F

(പി.ആർ.ഒ/39/930/2020)

## പി.ജി. പ്രവേശനം; അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്‌കൂൾ സെന്ററിലെയും പി.ജി. പ്രോഗ്രാമുകളിലെ പ്രവേശനത്തിനായി ഒക്ടോബർ ആറ്, ഏഴ് ദിവസങ്ങളിൽ നടക്കുന്ന പരീക്ഷയുടെ അഡ്മിറ്റ് കാർഡ് www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഇന്നുമുതൽ (സെപ്തംബർ 25) ഡൗൺലോഡ് ചെയ്യാം. കോവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കുന്നതോടൊപ്പം മാസ്‌ക്, കൈയുറകൾ എന്നിവ ധരിച്ചുവേണം പരീക്ഷയ്ക്ക് ഹാജരാകേണ്ടത്. അഡ്മിറ്റ് കാർഡിനൊപ്പം ചേർത്തിരിക്കുന്ന മെഡിക്കൽ സെൽഫ് ഡിക്ലറേഷൻ ഫോം പരീക്ഷയെഴുതുന്ന

എല്ലാവരും ഹാജരാക്കണം. ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയിലുള്ള പി.ജി. പ്രവേശനം യോഗ്യത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. വിശദവിവരത്തിന് ഇമെയിൽ: cat@mgu.ac.in, ഫോൺ: 0481-2733595.

(പി.ആർ.ഒ/39/931/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ